**പതിനാലാം കേരളനിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ :844**

**11.07.2016 ലെ മറുപടിയ്ക്ക്**

വിദ്യാഭ്യാസ അവകാശ നിയമം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശ നിയമം നിലവിൽ വന്നതോടെ സ്കൂൾ പഠനം ഉപേക്ഷിച്ചവരുടെ എണ്ണം എപ്രകാരമാണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) വിശകലനം ചെയ്തിട്ടില്ല. |
| (ബി) കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളെ കാരണങ്ങൾ കണ്ടെത്തി സ്കൂളിലേയ്ക്ക് തിരികെയെത്തിക്കുന്ന എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; | (ബി) ആദിവാസി /തീരദേശ മേഖലകളിലെ സ്കൂളുകളിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെടുകയും സാമൂഹ്യക്ഷേമ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും എസ്.എസ്.എ യുടേയും സഹകരണത്തോടെ വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പൊതുവിദ്യാലയങ്ങളിലേയ്ക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നതിനും മികച്ച പഠനനിലവാരവും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ട കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) പല സ്വകാര്യ സ്കൂളുകളിലും വിദ്യാഭ്യാസ അവകാശ നിയമം നിലവിലിരിക്കെത്തന്നെ വിദ്യാർത്ഥികളെ തോൽപ്പിക്കാറുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | വിദ്യാഭ്യാസ അവകാശ നിയമം കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന കാര്യം ഉറപ്പ് വരുത്തുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | വിദ്യാഭ്യാസ അവകാശനിയമം കർശനമായി പാലിക്കുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ